Prot.No.MPL :70/18/27

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

കർത്താവിന്റെ ദാനമാണ് മക്കൾ(സങ്കീർത്തനം 127:3). നമ്മുടെ കുട്ടികൾ ദൈവം നമുക്ക് നല്കിയിരിക്കുന്ന ഏറ്റവും വലിയ സമ്മാനമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ സുരക്ഷ ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്, ദൈവസന്നിധിയിൽ കണക്ക് ബോധിപ്പിക്കേണ്ട കർത്തവ്യവുമാണ്. നമ്മുടെ സമൂഹത്തിലെ കുട്ടികളെയും എളുപ്പത്തിൽ വ്യണിതരാകാൻ സാധ്യതയുള്ള (vulnerable) മറ്റ് വ്യക്തികളെയും സംരക്ഷിക്കുക, അവർക്ക് സംഭവിക്കാനിടയുള്ള മാനസികവും ശാരീരികവും ലൈംഗികവുമായ അപകടങ്ങൾ ഒഴിവാക്കാൻ മുൻകരുതൽ എടുക്കുക (Safeguarding) എന്നത് നമ്മുടെ എല്ലാവരുടെയും കൂട്ടുത്തരവാദിത്തമാണ്.

നിങ്ങൾക്കറിയാവുന്നതുപോലെ, 2013 മുതൽ 2018 വരെ ഓസ്ട്രേലിയയിൽ Royal Commission into Institutional Responses to Child Sexual Abuse നിലവിലുണ്ടായിരുന്നു. ഈ കമ്മീഷൻ പള്ളികളും മറ്റ് മതസ്ഥാപനങ്ങളും പാലിക്കേണ്ട പത്ത് പ്രധാന നിർദ്ദേശങ്ങളാണ് നല്കിയിരിക്കുന്നത്. ഈ നിർദ്ദേശങ്ങൾ ഓസ്ട്രേലിയയിലെ കത്തോലിക്കാസഭാനേതൃത്വം വളരെ ഗൗരവത്തോടെ കാണുകയും അവ നടപ്പിൽ വരുത്തുന്നതിനായി Catholic Professional Standards Ltd(CPSL)എന്ന ഒരു സ്വതന്ത്ര ഓർഗനൈസേഷൻ ഈ മേഖലയിൽ പരിചയസമ്പന്നരായ അല്മായരുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തു.

ഇതനുസരിച്ച് 2017ൽ നമ്മുടെ രൂപതയിൽ ഒരു Professional Standards Division രൂപീകരിച്ചു. രൂപതാധ്യക്ഷനാണ് ഈ സമിതിയുടെ അധ്യക്ഷൻ. ബഹുമാനപ്പെട്ട വികാരി ജനറാൾ അച്ചനും, ചാൻസലറച്ചനും, മറ്റ് ഭാരവാഹികളും അടങ്ങുന്ന ഒരു ഉന്നത സമിതിയാണ് ഇതിന്റെ

എക്സിക്യൂട്ടീവ് കൗൺസിൽ. രൂപതാതലത്തിൽ നാഷണൽ ഡയറക്ടറും, നാഷണൽ Safeguarding ഓഫീസറും, ഇടവകതലത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചനും, Parish Safeguarding ഓഫീസറുമാണ് നമ്മുടെ Professional Standards വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. CPSL ആണ് ഈ Professional Standards Divisionനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതും, എല്ലാ ഇടവകകളുടെയും സ്ഥാപങ്ങളുടെയും പ്രവർത്തനങ്ങൾ –അവ Professional Standards ലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന്– ഓഡിറ്റ് ചെയ്യുന്നതും. CPSL നിർദ്ദേശം അനുസരിച്ച് നമ്മുടെ എല്ലാ ഇടവകകളിലും ഏതെങ്കിലും തരത്തിൽ നേതൃസ്ഥാനത്ത് നില്ക്കുകയോ, സന്നദ്ധപ്രവർത്തനം നടത്തുകയോ ചെയ്യുന്ന എല്ലാവരും നിർബന്ധമായും Safer Churches എന്ന പരിശീലനം നേടിയവരും Working with Children, Blue Card മുതലായ സർട്ടിഫിക്കറ്റുകൾ ലഭിച്ചവരും ആയിരിക്കണം.

രൂപതാ Professional Standards വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇതിനോടകം നമ്മൾ Safeguarding Policy, Practice Standards, Code of Conduct മുതലായവ തയ്യാറാക്കി കഴിഞ്ഞു. ഇവ രൂപതാ വെബ്സൈറ്റിൽ ലഭ്യമാണ്. Parish Safeguarding Officersനെ എല്ലാ ഇടവകകളിലും നിയമിച്ചു. നമ്മുടെ ഇടവകകളിൽ നേതൃസ്ഥാനം വഹിക്കുന്ന കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, ആയിരത്തി ഇരുന്നോറോളം മതാദ്ധ്യാപകർ, മറ്റ് സംഘടനാ ഭാരവാഹികൾ മുതലായവർക്ക് Safe Churches പരിശീലനം ഒരു പ്രാവശ്യം നല്കാൻ സാധിച്ചു. അതു തുടർന്നും നല്കേണ്ടിയിരിക്കുന്നു.

നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും റോയൽ കമ്മീഷന്റെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായി പ്രാവർത്തികമാക്കേണ്ടത് നിയമപരമായി നമ്മുടെ ചുമതലയാണ്. ഇതിനായി രൂപതയെയും എല്ലാ ഇടവകകളെയും സഹായിക്കുക എന്നത് വളരെ വലിയ ഉത്തരവാദിത്തമാണ്. അത്തരം ഭാരിച്ച ഉത്തരവാദിത്തം ഇനി നമുക്ക് സന്നദ്ധപ്രവർത്തകരെ മാത്രം ആശ്രയിച്ച് പ്രാവർത്തികമാക്കാൻ സാധ്യമല്ല. ഓസ്ട്രേലിയയിലെ മറ്റ് രൂപതകളിൽ Professional Standards വിഭാഗത്തിലേക്ക് മുഴുവൻ സമയ ഉദ്യോഗസ്ഥരെ നിയമിച്ച് കഴിഞ്ഞു. ഇത് ഒരു വലിയ ദൗത്യം ആയതിനാൽ ഈ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായും, കാര്യക്ഷമമായും ചെയ്യുവാൻ ഈ മേഖലയിൽ യോഗ്യത തെളിയിച്ച ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതും അവരുടെ ജോലി കാര്യക്ഷമമായി ചെയ്യുവാനുള്ള സൗകര്യങ്ങൾ അവർക്ക്

ഒരുക്കിക്കൊടുക്കേണ്ടതും നമ്മുടെ രൂപതക്ക് ആവശ്യമായി വന്നിരിക്കയാണ്. ആയതിനാൽ നമ്മുടെ രൂപതയുടെ Professional Standards വിഭാഗത്തിന്റെ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കാനും റോയൽ കമ്മീഷൻ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനും വേണ്ടി കുറഞ്ഞത് ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും (പാർട്ട്–ടൈം തസ്തികയിൽ) ജോലി ചെയ്യുന്ന, ഹ്യൂമൻ സർവ്വീസിലൊ തത്തുല്യ മേഖലകളിലൊ യോഗ്യതയും പ്രവർത്തിപരിചയവും ഉള്ള, ഒരു ഓഫിസറെ എത്രയും വേഗം നിയമിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അങ്ങനെ ഒരു ഓഫിസറെ നിയമിക്കുന്നതിന് ഒരു വർഷത്തേക്ക് ഏകദേശം അറുപതിനായിരം ഡോളറോളം ചിലവ് വരുമെന്നാണ് അനുമാനം. ഇത് നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബാധ്യതയാണ്. അതുപോലെ ഇതുമായി ബന്ധപ്പെട്ട നയ്യാമികമായ കാര്യനിർവ്വഹണത്തിന് ഏറെ സാമ്പത്തിക ചെലവ് വരുന്നതാണ്.

കുട്ടികൾ ദൈവം നമുക്ക് നല്കിയിരിക്കുന്ന ഏറ്റവും വലിയ സമ്പത്താണ്. അവരുടെ പരിരക്ഷ നാം എല്ലാവരുടെയും ഉത്തരവാദിത്തമാണ്. ഉണ്ണീശോയെ മാതാവും യൗസേപ്പിതാവും സംരക്ഷിച്ചതുപോലെ നമ്മുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും പരിരക്ഷക്കും ആവശ്യമായതൊക്കെ നമുക്ക് ചെയ്യാം. ഈ ക്രിസ്തുമസ് അവസരത്തിൽ നമ്മുടെ രൂപത നേതൃത്വം നല്കുന്ന Safeguarding പ്രവർത്തനങ്ങളെ നമുക്ക് സാമ്പത്തികമായി സഹായിക്കാം.

ആയതിനാൽ ക്രിസ്തുമസ് ദിനത്തിൽ നാം പള്ളിയിൽ എടുക്കുന്ന പിരിവ് ഈ പ്രത്യേക നിയോഗത്തിനാണെന്ന കാര്യം ഏവരെയും അറിയിക്കുന്നു. നിങ്ങളുടെ ഔദാര്യപൂർവ്വകമായ സംഭാവനക്ക് ഉണ്ണീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും പിറവിത്തിരുന്നാളിന്റെ മംഗളങ്ങൾ!

സ്നേഹത്തോടെ,

**+ ബോസ്കോ പിതാവ്** **10 ഡിസംബർ 2018**

NB: ഈ സർക്കുലർ 2018 ഡിസംബർ 16–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.